**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 25** **27-06-2022 - ൽ മറുപടിയ്ക്ക്**

**പാർട്ടി ഓഫീസുകൾക്കെതിരെയുള്ള അക്രമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഭരണപക്ഷ രാഷ്ട്രീയ കക്ഷിയുടെയും അവരുടെ യുവജന സംഘടനയുടെയും പ്രവർത്തകർ മുഖ്യ പ്രതിപക്ഷ രാഷ്ട്രീയ പ്രവർത്തകർക്കെതിരെയും ഓഫീസുകൾക്കെതിരെയും വ്യാപകമായ അക്രമങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | വ്യാപകമായ അക്രമങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | മുഖ്യ പ്രതിപക്ഷ പാർട്ടിയുടെ ആസ്ഥാനത്ത് പ്രമുഖ ഭരണപക്ഷ പാർട്ടിയുടെ യുവജന സംഘടനാ പ്രവർത്തകർ നടത്തിയതായി പറയപ്പെടുന്ന ആക്രമണത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; പ്രസ്തുത സംഭവത്തിലെ പ്രതികളെ പിടികൂടാൻ സാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | ഇതു സംബന്ധിച്ച് പോലീസിന് ലഭിച്ച മൊഴിയുടെ അടിസ്ഥാനത്തിൽ മ്യൂസിയം പോലീസ് സ്റ്റേഷനിൽ Crime No. 613/2022 U/s 143,147,149,427 & 506 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഊർജ്ജിത അന്വേഷണം നടത്തി വരുന്നു. |
| (സി) | പയ്യന്നൂരിൽ മുഖ്യ പ്രതിപക്ഷ പാർട്ടിയുടെ ഓഫീസിലെ ഗാന്ധി പ്രതിമയുടെ ശിരസ്സ് തകർത്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുറ്റക്കാർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; | (സി) | ഇക്കാര്യം ഉന്നയിച്ചുള്ള പരാതിൽ പയ്യന്നൂർ പോലീസ് സ്റ്റേഷനിൽ 456/2022 u/s 143, 147, 148, 452, 427, 341, 506 r/w 149 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. |
| (ഡി) | പ്രമുഖ ട്രേഡ് യൂണിയൻ സംഘടനയുടെ കൊടിമരം നശിപ്പിക്കാൻ ശ്രമിച്ചത് തടഞ്ഞ എസ്.ഐ.യ്ക്ക് ഒരു പ്രമുഖ രാഷ്ട്രീയ കക്ഷിയിലെ യുവജന സംഘടനാ പ്രവർത്തകരുടെ മർദ്ദനമേറ്റ സാഹചര്യം ഉണ്ടായിട്ടുണ്ടോ; ഇതിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് എന്ന് വ്യക്തമാക്കാമോ? | (ഡി) | പോലീസിന്റെ ഔദ്യോഗിക കൃത്യ നിർവഹണത്തിന് തടസ്സം സൃഷ്ടിച്ചതുമായി ബന്ധപ്പെട്ട് കണ്ടാലറിയാവുന്ന പത്തോളം പ്രതികൾക്കെതിരെ പൂന്തുറ പോലീസ് സ്റ്റേഷൻ ക്രൈം നം.767/2022 u/s 143, 147, 149, 153, 188, 341, 324, 353 of IPC & 117(e) of KP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ഊർജ്ജിതാന്വേഷണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ